
ചിത്രത്തൂവൽ
little KITEs
Ganapathy Vilasam HS
Koovappady
2020


Little KITEs
ലിറ്റിൽ കൈറ്റ്സ്
ഐ. ടി. ക്ലബ്ബ്
നമ്പർ ........LK/2018/27013......................
ഗണപതി വിലാസം ഹൈസ്കൂൾ
കൂവപ്പടി



# എഡിറ്റോറിയൽ...

2020 ഗണപതി വിലാസം ഹൈസ്കൂളിലെ കുട്ടികൾ ആധുനിക ലോകത്തിന് ഒരു ചെറു പുത്തൻ മായാജാലം ആണ് ഒരുക്കുന്നത് ഞങ്ങളുടെ ഈ കുട്ടികളുടെ വർണ്ണവിസ്മയമാർന്ന കഴിവിൻറെ ഒരു താഴ്വരയാണ് .

വിവിധങ്ങളായ കവിതകളും ചിത്രങ്ങളും ഉൾപ്പെടുത്തിയാണ് ഞങ്ങൾ ഇ-മാഗസിൻ തയ്യാറാക്കിയിരിക്കുന്നത്. മനസ്സിൻറെ ഒരു കോണിൽ മധുരമായി പെയ്തിറങ്ങാൻ ഞങ്ങളുടെ ഈ മാഗസിന് കഴിയും.

# ഉള്ളടക്കം

- മലയാളത്തിന്റെ അച്ഛൻ
- ഐതിഹ്യമാല
- കർത്താക്കളും കൃതികളും
- കവികളുടെ ഒരു ചെറുവിവരണം

**കവിതകൾ**

- പുതുമഴ
- അവൾ
- പെൺകുഞ്ഞ്
- മടക്കം
- മടിയൻ
- മഴക്കാലം
- മഴ നനഞ്ഞൊരെൻ ബാല്യം
- നമ്മുടെ മഴ
- അമ്മ
- അമ്മ മൊഴി
- അപ്രതീക്ഷിത അതിഥി
- തോട്ടത്തിലെ എട്ടുകാലി
- മഴക്കവിതകൾ, മഴ പഴഞ്ചൊല്ലുകൾ
- സ്നേഹപൂർവ്വം അമ്മയ്ക്ക്


അന്തേ പ്രാർഥന.
(ഇടശ്ശേരി ഗോവിന്ദൻനായർ)
സമൃദ്ധി കൂടുംതോറും കുനിയുക
(സമ്പന്നത വർദ്ധിക്കുന്തോറും എളിമയുള്ളവരാകുക).

# മലയാളത്തിന്റെ അച്ഛൻ


മലയാളത്തിലെ ഏറ്റവും മഹാനായ കവിയാണ് എഴുത്തച്ഛൻ മലയാളത്തിന് അക്ഷരമാല പണി തീർത്തതും ചാർത്തിയതും അച്ഛനായ എഴുത്തച്ഛനാണ്.

മല എന്നാൽ കുന്ന്. അളം എന്നാൽ കുഴി. അപ്പോൾ കുന്ന് കുഴി ആയി നീണ്ടുകിടക്കുന്ന നാടിനെ ചേരുന്ന പേര് മല + അളം = മലയാളം. ഒരമ്മ കുഞ്ഞിന് മുലപ്പാൽ ചുരത്തി കൊടുക്കും പോലെ എഴുത്തച്ഛൻ തന്റെ ഭാഷസിദ്ധികത്രയും നിരന്തരം മലയാളത്തിലെ ആത്മാവിലേക്ക് പകർന്നുനൽകി .

പ്രായോഗികമായി ഭാവ സൃഷ്ടി നടത്തുന്നത് എങ്ങനെ എന്ന് കാണിച്ചു. ഇത് തനിമയും തെളിമയും മിഴിവും നൽകി.മലയാളത്തിൽ ഉജ്ജ്വലഭാവങ്ങൾ ഉൾക്കൊള്ളാൻ മാത്രമല്ല അവയിൽ വേണ്ടിടത്ത് വേണ്ടത്രേ വികാരവർണ്ണങ്ങൾ പൂശി മറ്റുള്ളവരെ അനുഭവിക്കാനും കഴിയും എന്ന് കാണിച്ചു. അത് മനസ്സിലാക്കിയവർ എഴുത്തച്ഛനെ ഭാഷയുടെ പിതാവായി ആദരിച്ചു.

അഭിരാമി






# ഐതിഹ്യമാല

പൗരാണികതയുടെ പ്രതീകാത്മകമായ പുനരാവിഷ്ക്കാരമാണ് ഐതിഹ്യങ്ങൾ. അനുഭൂതിയുടെ ആഴം വർധിപ്പിക്കുന്നതിലൂടെ യാഥാർത്ഥ്യത്തിന്റെ സാന്ദ്രവും ഉദാത്തവുമായ ഒരു മാനം ഐതിഹ്യങ്ങളിലൂടെ വെളിപ്പെടുത്തുന്നു .

ആദിരൂപങ്ങളെയും പ്രതീകങ്ങളെയും അക്ഷരങ്ങളിലേക്ക് ആവാഹിച്ചെടുത്ത് മലയാളത്തിലെ പ്രമുഖ ഗ്രന്ഥമാണ് കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ **ഐതിഹ്യമാല.**

"എന്നെ ഒരു ദ്വീപിൽ ഏകാന്തതടവുകാരനായി വിടുന്നു എന്ന് കരുതുക. ഒരു പുസ്തകവും കൂടെ കൊണ്ടു പോകാം എന്ന് പറഞ്ഞാൽ അതൊരു ഐതിഹ്യമാല ആകട്ടെ എന്ന് ഞാൻ പറയും.''

പ്രൊഫസർ എസ് ഗുപ്തൻനായർ .



# കർത്താക്കളും കൃതികളും

| | | |
|---|---|---|
| ഖസാക്കിന്റെ ഇതിഹാസം | - | ഒ. വി വിജയൻ |
| ബാല്യകാലസഖി | - | വൈക്കം മുഹമ്മദ് ബഷീർ |
| വീണപൂവ് | - | കുമാരനാശാൻ |
| ഒരു ദേശത്തിന്റെ കഥ | - | എസ് കെ പൊറ്റക്കാട് |
| മയൂരസന്ദേശം | - | കേരളവർമ്മ വലിയ കോയിതമ്പുരാൻ. |
| അരനാഴികനേരം | - | പാറപ്പുറം |
| സുന്ദരികളും സുന്ദരന്മാരും | - | ഉറൂബ് |
| കൃഷ്ണഗാഥ | - | ചെറുശ്ശേരി |
| ഭാരതപര്യാടനം | - | കുട്ടികൃഷ്ണൻ മാരാർ |
| ഉമാകേരളം | - | ഉള്ളൂർ |
| ഉപ്പ് | - | ഒ .എൻ.വി കുറുപ്പ്. |

പവൻ പി മേനോൻ

## കവികളുടെ ഒരു ചെറുവിവരണം

### ഉള്ളൂർ എസ്

1877 -ൽ ജനനം ( ചങ്ങനാശ്ശേരി ) മഹാകവി, സാഹിത്യചരിത്രകാരൻ, ഗവേഷകൻ , നിരൂപകൻ, പത്രാധിപർ ,തിരുവിതാംകൂർ ഗവൺമെന്റിലെ ദിവാൻ പേഷ്കാർ തുടങ്ങിയ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ഉമാകേരളം, കേരളസാഹിത്യ ചരിതം, കർണ്ണഭൂഷണം, പിംഗള, ചിത്രശാല, താരഹാരം, തരംഗിണി, കല്പശാഖി, അമൃതധാര, അംബ ...മുതലായവയാണ് പ്രധാന കൃതികൾ.

### കെ. മാത്യൂ

1917-ൽ ആലപ്പുഴയിൽ ജനിച്ചു . പ്രമുഖ പ്രവർത്തകനും പത്രവ്യവസായിയും മലയാള മനോരമയുടെ ചീഫ് എഡിറ്ററായിരുന്നു . പി ടി എ ,ഇന്ത്യൻ ന്യൂസ് പേപ്പർ സൊസൈറ്റി തുടങ്ങിയവയുടെ നായകത്വം വഹിച്ചിട്ടുണ്ട്.

1998-ൽ പത്മഭൂഷൻ ലഭിച്ചു. അന്നമ്മ, എട്ടാമത്തെ മോതിരം എന്നിവയാണ് പ്രധാന കൃതികൾ.

വിജയലക്ഷ്മി

## പുതു മഴ

പെയ്തിട്ടും പെയ്തിട്ടും

മതിയാകാതെന്തേ

പേമാരി കരിമുകിലേ നീ

നിന്നു ചിണങ്ങുന്നു

നീയെന്തേ നാട്ടിടവഴിയിൽ

നിന്നു പരുങ്ങുന്നു

നീയെന്തേ  പുരയുടെ മുകളിൽ

താള മടിക്കുന്നു

നീ പരതി തെങ്ങോലകളുടെ

തോരണമുലയ്ക്കുന്നു

നീയു തിതളിര് മാവുകളുടെ

പീലി കൊഴിക്കുന്നു

നീയിനിയും പെയ്യാൻ നിന്നാൽ

മാരികരിമുകിലേ

ഞാൻ എങ്ങനെ പോകും പറയൂ

# പള്ളിക്കൂടത്തിൽ.

അഭിനവ് കൃഷ്ണ



ജേക്കബ്

## അവൾ

അന്നവൾ

ചിരിച്ചപ്പോൾ

ഞാനും ചിരിച്ചു

പിന്നെയവൾ

അടുത്തപ്പോൾ

ഞാനും അടുത്തു


ഇന്ന്,

അവൾ കൂടെയുള്ളപ്പോൾ

ഞാൻ കരയുന്നു

പൂർവികരെപോലെ.

സഞ്ജയ്



# പെൺകുഞ്ഞ്

അമ്മ തൻ ഉദരത്തിൽ പിറവിയെടുത്തു ഞാൻ

ഭൂമിതൻ മടിത്തട്ടിൽ പിറന്നുവീണു മെല്ലെ

കുഞ്ഞു പൂമ്പാറ്റപോലെ പറന്നു നടന്നു ഞാൻ

അമ്മയെ കണ്ട് കൊതി തീർന്നു പോലുമില്ല


അന്നു ഞാൻ അറിഞ്ഞില്ല എന്നുടെ കുഞ്ഞു മേനി

കഴുകൻ മാരാ ചിലർ കടിച്ചു കീറുമെന്ന്

എന്നുടെ ആത്മാവിന് നീതി കിട്ടുവാൻ വേണ്ടി

പെൺകൊടികളെ നിങ്ങൾ ശക്തരാകുവിൻ മണ്ണിൽ.

സീതാ ലക്ഷ്മി സന്തോഷ്



# മടക്കം

ഈ ഓണമേ നന്ദി

ഭംഗിയായി മടക്കി

നീ നീർത്തിയ കസവുകുപ്പായങ്ങൾ

നിറഞ്ഞു പൂക്കളം

മണ്ണിലും മനസ്സിലും

സുഗന്ധമാകാൻ തളിച്ച

വളർത്തിയ ചെടികളിൽ

മധുരമായി പായസം

ഇത്തിരി ഉപ്പ നീറലും

അറിയാതിരിക്കാൻ

ഞാൻ അറിഞ്ഞിട്ട് മധുരത്തിൽ

പാടി ഓണനിലാക്കളിർ

പണ്ടേനീളം പറഞ്ഞു

തൂക്കിയോരുഞ്ഞാലിൽ

മനസ്സിൽ കുറിച്ചിട്ട എണ്ണം

നീവാർത്തനം നിന്നെ

വീണ്ടും അടുത്ത ചിങ്ങത്തിൽ

ചിരി പടർത്താൻ വന്ന

എൻ പഴയ ഓണം എന്നും ചൊല്ലാൻ.



# മടിയൻ

നെല്ലു കൊയ്യാൻ വാടാ

എനിക്ക് വയ്യ എന്റെ അമ്മേ

നെല്ല് കുത്തട മടിയാ

എനിക്ക് വയ്യന്റെ അമ്മ

കഞ്ഞി വെക്കടാ തടിയാ

എനിക്ക് വയ്യന്റെ അമ്മേ

കഞ്ഞി കുടിക്കാൻ വാടാ

അങ്ങനെ പറയെന്റമ്മേ.

അതുൽ കൃഷ്ണ

# മഴക്കാലം

നൊമ്പരമെഴുതിയ

മഴയെ.....

എത്ര നീ വേദന

തന്നു എന്നാലും

പ്രണയിച്ചു

പോയില്ലേ നിന്നെ

ഞാൻ മഴയെ

പ്രണയിച്ചിട്ടും ഞാൻ

ഇനിയുള്ള കാലവും

നീൻ മഴത്തുള്ളി

കിലുക്കമാണിപ്പഴവും

എൻ ഇടനെഞ്ചിൽ

ഹൃദയതാളം.

ലക്ഷ്മി

# മഴ നനഞ്ഞോരൻ ബാല്യം

ജീവിതം മൊട്ടിട്ടുയർന്നാർത്തു

പെരുകുമോരോ മഴയ്ക്കും പിന്നെ

എവിടെയോ പോയോളിക്കും

കാശിതുമ്പകളല്ലോ നമ്മൾ

മഴ വരുനേരമാർത്തു വിളിച്ചത്

നനഞ്ഞോരൻ ബാല്യം

ഒക്കെ കണ്ടൊരു ചിരി ആർന്നു നിൽക്കുമെൻ

തേന്മാവ് മുത്തശ്ശി പഴങ്ങളാൽ എന്നെ

ഒരുപാട് സൽകരിച്ചിരുന്നു.

ആതിര

# നമ്മുടെ മഴ

ഇന്നലത്തെ മഴ നിന്റെ പ്രണയം

തുളുമ്പി പെയ്തതാണെന്ന് തോന്നി

നനഞ്ഞപ്പോൾ ഉള്ളിൽ പെയ്ത

സുഖം നിന്നെ എന്നിലേക്ക് നിറച്ച

തണുപ്പ് ആഴങ്ങളിലേയ്ക്കരിച്ചിറങ്ങുമ്പോൾ

എന്നിലെ ഓരോ തന്മാത്രയും അറിയുകയായിരുന്നു

നിന്റെ സാന്നിധ്യം

നിന്റെ യാത്രയിൽ എവിടെയെങ്കിലും വെച്ച്

എന്നെ തണുപ്പിച്ച് മഴത്തുള്ളികൾ

നിന്നെയും നനയിച്ചിട്ടുണ്ടാവും

ഞാനറിയുന്നു

നിന്റെ നിശ്വാസം എന്റെ ഹൃദയത്തിനരികെ

എനിക്കു പറഞ്ഞു കേൾക്കാം

ഇതു എന്റെ മഴയല്ല നിന്റെയുമല്ല

നമ്മുടെയാകുമ്പൊഴല്ലെ അത് ആത്മീകമാകുന്നുള്ളു.

വിഷ്ണു

# അമ്മ

ഓരോ മുള്ളിനുമപ്പുറം

പുലരുന്ന പൂക്കളെ

കാണാൻ പഠിപ്പിച്ചെന്നെ

വളർത്തിയോളമ്മ......

കുരമ്പുകൾ വന്നെന്റെ

ചോരയിറ്റിക്കെ .... ഒരു

ചിരിപ്പൂ വിടർത്താൻ

കരുത്തു തന്നവൾ

കറുത്ത രാത്രികൾ

കാലുതെറ്റിക്കേ...... ഒരു

പൂനിലാവെട്ടമായ്

സഹന കാലത്തിടവപ്പാതിയിൽ

മഴ നനയ്ക്കാതെൻ

താങ്ങായ്  നിന്നവൾ.

ശരൺജിത്

## മഴ

കാടില്ല

മരങ്ങളില്ല

എങ്ങും മരുഭൂമി

മഴയെ ഒന്നും സൂക്ഷിച്ച

നോക്കിയാൽ കാണാം

നിറകണ്ണുകളുമായി

ഒരു യാത്രാമൊഴി

ചോദിക്കുവാൻ

വിതുമ്പി നിൽക്കും

പോലെ......

വൈഷ്ണജ

# അമ്മ മൊഴി

അമ്മയ്ക്കു നീ മാത്രമാണ് പൊന്നോമനേ

കർമ്മ ബന്ധങ്ങൾക്കു സാക്ഷിയായി

നിന്നെയെടുത്തൊരു പൊന്നമ്മ നൽകുമ്പോൾ

ധന്യമായിത്തീരുന്നു ജന്മം തന്നെ!

കണ്ണിനുകണ്ണായ് നീയെനിക്കീശ്വരൻ

തന്ന നിധിയെന്നറിഞ്ഞിടുമ്പോൾ

പ്രാണന്റെ പ്രാണനെകാളുമെന്നുണ്ണിയോ-

ടാണ് എനിക്കിഷ്ടമെന്നോർത്തിടുമ്പോൾ

അമ്മയ്ക്ക് നീയും നിനക്കന്നുമമ്മയും

നമ്മൾക്ക് ദൈവവും കാവലായി

നന്മയും സ്നേഹവും കോരിനിറയ്ക്കുന്ന

നല്ലൊരു ലോകത്തിൽ കാതലായി-

അമ്മയും മക്കളും തമ്മിലുള്ളോരന്യോന്ന

ബന്ധത്തിനപ്പുറത്തൊന്നുമില്ല

ആ ബന്ധവായിപിൻ പ്രകാശസുഗന്ധമാ-

ണിരേഴ പാരും നിറഞ്ഞ സത്യം !

ശ്രീജിത്ത്

## അപ്രതീക്ഷിത അതിഥി

ഒരു ചിരി തൂകി നീ അകലെമറയുമ്പോൾ

ഒരു നൊമ്പരമിരിപ്പൂ

ആഴത്തിൽമുറിവേൽപ്പിക്കുന്ന

ഒരു നൊമ്പരം

മിഴിതോരാതെ നൊമ്പരം

കാലം ഇരുളും തോറും അത്

നിന്നിൽ അലിഞ്ഞു ചേരുന്ന

അടരാത്ത വിധം

നിന്നുള്ളിൽ ഒരു കുറുപ്പുണ്ട്

അകലെ ചുവന്ന കണ്ണുകളാൽ

കറുത്ത മേനിയിൽ വരുന്ന

ആരാണ് അപ്രതീക്ഷിത അതിഥി?

ആരായിരിക്കും?

മറ്റാരുമല്ല; നിന്റെ "മൃത്യു"

അവനെത്തുമ്പോൾ കറയടിഞ്ഞ

നിന്റെ ചോരത്തുടുപ്പിലെ ഹൃദയം പിളരും

മറ്റാരും കേൾക്കാതെ

ഒരു നീണ്ട അന്ധകാരത്തിൽ;

വിരഹം വിളക്കുതി.

നന്ദ ബാലൻ

# തോട്ടത്തിലെ എട്ടുകാലി

തളിർത്തലത്തു നിന്നിട്ടും തരുക്കൾ തന്റെ ശാഖയിൽ

കൊളുത്ത് നീണ്ട നൂലു രശ്മിപോലെ

നാലു ഭാഗവും,

കുളത്തിനുള്ള കാണമർക്കബിബ

മൊത്തു കാറ്റിലി-

വെളുത്ത കണ്ണിവച്ചെഴും വിജിത്ര

രൂപതാരിവൻ!

അടുത്തിടുന്നൊരീച്ച പാറ്റയാദിയായ

ജീവിയെ

പിടിപ്പതിന്നു കണ്ണിവെച്ചോളിച്ചിരുന്നു

കൊള്ളുവാൻ

പഠിച്ച കള്ളനാരു നീ

പൃഗൽനായ മുക്കുവ

ക്കിടാത്തനോ? കടുത്ത കാട്ടിലുള്ള

കൊച്ചു വേടനോ?

നിനക്ക് നിൻറെ ഊന്നൽ കാഴ്ചപേലതന്നിലെത്തിയാൽ

നിനക്കു തങ്കമുദ്ര കിട്ടുമെട്ടുകാലി നിശ്ചയം.

## മഴക്കവിതകൾ

ഇടവപ്പതിയാണിടിയും മഴയും പൊടിപൂരം

പുരമുറ്റത്തെപുള്ളിമാവിൻമേലൊരു ഗന്ധർവ്വൻ പാടുന്നു

അറബിക്കടലിൻ മുറുകം തന്ത്രികളാരോ മീട്ടുവതോടൊപ്പം!

ഇടശ്ശേരി.

അമ്മയെ വരും വരും വെക്കം വെളിയിലെ-

യ്ക്കല്ലെങ്കിലിമമഴതോർന്നു പോകുമ്മേ

എന്തൊരാഹ്ലാദമാ മുറ്റത്തടിക്കടി

പൊന്തുന്ന വെള്ളത്തിൽ അടച്ചിടാൻ.

ബാലാമണിയമ്മ.

തുള്ളിപ്പണ്ണു വരുന്ന മഴ

തുള്ളിക്കൊരു കുടമെന്നമഴ

കൊള്ളാം ഈ മഴ കൊള്ളരുത് മഴ

കൊള്ളാം കൊള്ളാം പെയ്യട്ടെ!

കുഞ്ഞുണ്ണി മാഷ്.

## മഴ പഴഞ്ചൊല്ലുകൾ

മഴയെന്നു കേട്ടാൽ മാട്ട പേടിക്കുമോ

മഴ ഒന്നു പെയ്താൽ മരമേഴ പെയ്യും

തിരുവാതിര ഞാറ്റിൽ അമൃത മഴ

മഴപെയ്താൽ പുഴ അറിയും

മഴ നിന്നാലും മരം പെയ്യും

സൂര്യ

## സ്നേഹപൂർവ്വം അമ്മയ്ക്ക്

അകലെ കിനാവിന്റെ ഉമ്മറത്തെന്നമ്മ

അരികെവാ എന്നോതി മാടിവിളിക്കവേ

അതുകേട്ടൊരടിയും ചലിക്കുവാൻ കഴിയാതെ

അതിരുകൾക്കിപ്പുറം ഞാനും തളർന്നുപോയി

അതിരുകൾക്കപ്പുറം ഞാനും തളർന്നുപോയി

തിരികെട്ടുപോയ വിളക്കിനു മുൻപിൽ ഞാൻ

തിരയുന്നു ജീവിത സൗഖ്യങ്ങളിക്കരെ

ഉരക്കുന്ന മരുവിന്റെ  നെഞ്ചിലെ അഗ്നിയിൽ

ഉള്ളിലെ കനവുമൊന്നായുരാരോഗ്യവും

ഉള്ളിലെ കനവുമൊന്നായുരാരോഗ്യവും .

അഞ്ജന